10. മെഡിക്കൽ ബിരുദധാരികൾക്കുള്ള രജിസ്ട്രേഷൻ

ശ്രീ. കെ. എൻ. എ. ഖാദർ: സർ, കേരളത്തിലെ സ്വകാര്യ മെഡിക്കൽ കോളേജുകളിലെ പെർമിറ്റഡ് സീറ്റുകളിൽ അഡ്മിഷൻ നേടി ബിരുദവും ബിരുദാനന്തരബിരുദവും കരസ്ഥമാക്കുന്ന ഡോക്ടർമാർക്ക് തിരുവിതാംകൂർ-കൊച്ചിൻ മെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ നിഷേധിക്കുകയാണ്. അഖിലേന്ത്യാ മെഡിക്കൽ കൗൺസിലിന്റെ റെക്കഗ്നിഷൻ കിട്ടിയിട്ടില്ല എന്ന കാരണമാണ് പറഞ്ഞുവരുന്നത്. എന്നാൽ സർക്കാർ മെഡിക്കൽ കോളേജുകൾക്ക് അഖിലേന്ത്യാ മെഡിക്കൽ കൗൺസിലിന്റെ റെക്കഗ്നിഷൻ ഇല്ലെങ്കിലും അവിടെനിന്ന് പുറത്തുവരുന്ന മെഡിക്കൽ ബിരുദധാരികൾക്ക് രജിസ്ട്രേഷൻ നൽകിവരുന്നുണ്ട്. ചൈന, റഷ്യ തുടങ്ങി മറ്റിതര വിദേശ രാജ്യങ്ങളിൽപോയി പഠിച്ചുവരുന്ന ബിരുദധാരികൾക്കും തിരുവിതാംകൂർ-കൊച്ചിൻ മെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ നൽകിവരുന്നുണ്ട്. ഇത് കൊടിയ അനീതിയാണ്. ഭരണഘടനാവിരുദ്ധമായ തുല്യ അവസരങ്ങളുടെ നിഷേധമാണ്. അഖിലേന്ത്യാ മെഡിക്കൽ കൗൺസിൽ മേധാവികൾക്ക് കോഴപ്പണം നൽകാത്ത സ്വകാര്യ മാനേജ്മെന്റുകൾക്കാണ് അവർ റെക്കഗ്നിഷൻ നിഷേധിക്കുന്നത്. അതിന് വിദ്യാർത്ഥികൾ എന്തിന് ശിക്ഷിക്കപ്പെടണം ; ഈ അനീതി അവസാനിപ്പിക്കുവാൻ സർക്കാർ ഉടൻതന്നെ ആവശ്യമായ നിർദ്ദേശങ്ങൾ തിരുവിതാംകൂർ-കൊച്ചിൻ മെഡിക്കൽ കൗൺസിലിന് നൽകേണ്ടതാണ്. മാത്രമല്ല സർവ്വകലാശാല ഒരു ബിരുദം നൽകിയാൽ ആ ബിരുദമുള്ള എല്ലാവർക്കും രജിസ്ട്രേഷൻ നൽകുക എന്നതുമാത്രമാണ് ശരിയായ നീതി എന്നറിഞ്ഞുകൊണ്ട് ഗവൺമെന്റ് ഈ വിഷയത്തിൽ അടിയന്തരനടപടി സ്വീകരിക്കണമെന്ന് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നു.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, സ്വകാര്യ മെഡിക്കൽ കോളേജുകളിൽ അഡ്മിഷൻ നേടി ബിരുദവും ബിരുദാനന്തരബിരുദവും കരസ്ഥമാക്കുന്ന ഡോക്ടർമാർക്ക് രജിസ്ട്രേഷൻ നിഷേധിക്കുന്നത് ശരിയല്ല. അക്കാര്യം ശ്രദ്ധയിൽപ്പെട്ടാൽ തീർച്ചയായും അതിനുവേണ്ട നടപടി സ്വീകരിക്കുന്നതാണ്. നിയമപ്രകാരം നൽകാൻ കഴിയുന്ന ആർക്കും രജിസ്ട്രേഷൻ നിഷേധിക്കുന്നില്ല. അതിൽ സ്വകാര്യ മെഡിക്കൽ കോളേജുകളെന്നോ ഗവൺമെന്റ് മെഡിക്കൽ കോളേജുകളെന്നോ ഉള്ള വ്യത്യാസമില്ല. സർവ്വകലാശാല ഡിഗ്രി കൊടുത്തുകഴിഞ്ഞാൽ അതനുസരിച്ചുള്ള ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. മെഡിക്കൽ വിദ്യാർത്ഥികൾക്ക് രജിസ്ട്രേഷൻ നൽകുന്നത് മൂന്നുവിധത്തിലാണ്. ഒന്ന്, കേരളത്തിലെ മെഡിക്കൽ കോളേജുകളിൽനിന്നും പാസ്സാകുന്ന കുട്ടികൾക്ക് സ്വകാര്യമെന്നോ ഗവൺമെന്റെന്നോ ഉള്ള വേർതിരിവില്ല. അപേക്ഷകളിൽ

LIBRARY ARCHIVES Kerala Legislative Assembly

അപാകതകളില്ലെങ്കിൽ ഒരുദിവസം മുതൽ 30 ദിവസത്തിനുള്ളിൽ നൽകും. അപാകതകൾ ഉണ്ടെങ്കിൽ അത് പരിഹരിച്ചശേഷം പരമാവധി 30 ദിവസത്തിനുള്ളിൽ നൽകും. കേരളത്തിന് പുറത്തുള്ള, അതായത് മറ്റ് സ്റ്റേറ്റുകളിലുള്ളവർക്ക് 30 ദിവസത്തിനുള്ളിൽ നൽകും. വിദേശരാജ്യങ്ങളിൽ പഠിച്ചുവരുന്നവർക്കാണ് ചില നടപടിക്രമങ്ങൾ കൂടുതലുള്ളത്. എന്തായാലും ഇക്കാര്യം വളരെ ഗൗരവത്തോടുകൂടിത്തന്നെ പരിശോധിക്കും. യാതൊരു വേർതിരിവുമില്ലാത്ത രീതിയിൽ രജിസ്ട്രേഷൻ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

11. കാഷ്വാലിറ്റി മെഡിക്കൽ ഓഫീസറ്റ് തസ്തിക

ശ്രീ. പി. ഉബൈദുള്ള: സർ, മലപ്പുറം ജില്ലാ ആസ്ഥാനത്ത് സ്ഥിതി ചെയ്യുന്ന ഏക സർക്കാർ ആശുപത്രിയാണ് മലപ്പുറം താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി. 2009-ൽ ഈ ആശുപത്രിയെ താലൂക്ക് ആശുപത്രിയായി അപ്ഗ്രേഡ് ചെയ്യുവെങ്കിലും ഇതുവരെയും അതിനനുസൃതമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുകയോ ആവശ്യത്തിന് ജീവനക്കാരെ നിയമിക്കുകയോ ചെയ്തിട്ടില്ല. 116 കിടക്കകളുള്ള ഈ ആശുപത്രിയിൽ ദിവസേന എണ്ണൂറും ആയിരത്തിനുമിടയിൽ രോഗികൾ ചികിത്സയ്ക്ക് വരുന്നുണ്ട്. ഇവിടെ സ്ഥിരമായി കാഷ്വാലിറ്റി സംവിധാനം ഏർപ്പെടുത്താത്തതുകൊണ്ട് രോഗികൾ ബുദ്ധിമുട്ടനുഭവിക്കുകയാണ്. അടിയന്തരഘട്ടങ്ങളിൽ, സാധാരണക്കാരായ പാവപ്പെട്ട രോഗികൾ മറ്റ് പ്രൈവറ്റ് ആശുപത്രികളെ ആശ്രയിക്കേണ്ടിവരുന്ന സ്ഥിതിയാണുള്ളത്. പ്രത്യേകിച്ച്, മഴക്കാല പൂർവ്വരോഗങ്ങൾ, പനി ഉൾപ്പെടെയുള്ള രോഗങ്ങൾ ഇന്ന് പടർന്നുകൊണ്ടിരിക്കുന്ന സന്ദർഭത്തിൽ രോഗികൾ ആശുപത്രിയിലെത്തിയാൽ ഡോക്ടർമാരില്ലാതെ തിരിച്ചുപോകേണ്ട സ്ഥിതിയാണ് ഈ താലൂക്ക് ആശുപത്രിയിൽ നിലവിലുള്ളത്. ഇവിടെ നാല് കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ തസ്തികയെങ്കിലും സൃഷ്ടിച്ചാൽ മാത്രമേ സ്ഥിരമായി കാഷ്വാലിറ്റി സംവിധാനങ്ങൾ ഏർപ്പെടുത്തുവാൻ സാധിക്കുകയുള്ളൂ. ഈ വിഷയം സഭയിൽ പലതവണ ഞാൻ ഉന്നയിച്ചിട്ടുള്ളതാണ്. എന്നാൽ ഇതുവരെ ഇതിന് പരിഹാരമുണ്ടാക്കാൻ സർക്കാരിന് സാധിച്ചിട്ടില്ല. ധനകാര്യ വകുപ്പിന്റെ തടസ്സമാണ് ഇതിന് പ്രധാന കാരണമെന്നും പറയുന്നുണ്ട്. ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ആശുപത്രിക്കാവശ്യമായ ഡോക്ടർമാരെയും സ്റ്റാഫിനെയും നിയമിക്കുന്നതിനും പണം ചെലവഴിക്കുന്നതിനെ സംബന്ധിച്ചും ഒരു പ്രത്യേക പരിഗണന നൽകണമെന്നാണ് എനിക്ക് സർക്കാരിനോട് ആവശ്യപ്പെടാനുള്ളത്. ജില്ലാ ആസ്ഥാനത്തെ ഏക സർക്കാർ ആശുപത്രി എന്ന നിലയിൽ, എത്രയുംവേഗം കാഷ്വാലിറ്റിയിൽ നാല് മെഡിക്കൽ ഓഫീസറുടെ തസ്തിക സൃഷ്ടിക്കാനും അതിനെടുക്കുന്ന കാല

LIBRARY ARCHIVES Kerala Legislative Assembly